# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 65 — 06/06/2018 -ലെ മറുപടിക്ക്

## കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സുരക്ഷ

ചോദ്യം — മറുപടി

**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ**
**ശ്രീ. വി.പി. സജീന്ദ്രൻ**

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കിടയിൽ അടിക്കടി അപകടങ്ങൾ ഉണ്ടാകുന്നതും തൊഴിലാളികൾ മരണപ്പെടുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ വൻകിട കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതും അത് പരിശോധിക്കേണ്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ അനാസ്ഥയുമാണ് ഇത്തരം അപകടങ്ങൾ ആവർത്തിക്കുന്നതിനുള്ള കാരണം എന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പരിശോധനകൾക്കായി ഓരോ ജില്ലകളിലും ജില്ലാ ലേബർ ഓഫീസർ (ഇ) മാരെയും അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 1 നെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ജില്ലാ ലേബർ ഓഫീസർ, അസിസ്റ്റന്റ് ലേബർ ഓഫീസർ അവരുടെ കർത്തവ്യങ്ങൾ കൃത്യമായി നിർവഹിക്കുന്നുണ്ട്. 2017-2018 കാലയളവിൽ 668 പരിശോധനകൾ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരം നടത്തിയിട്ടുണ്ട്. |
| (സി) | വൻകിട കെട്ടിട നിർമ്മാണങ്ങൾ നടക്കുന്ന സൈറ്റുകളിൽ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ നിരന്തര പരിശോധന നടത്തുന്നതിനും സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ